സ.ഉ.(സാധാ) നം.2238/2022/H&FWD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - ഡോ. അജിത ആർ.എൻ., ജൂനിയർ കൺസൽട്ടന്റ്, സാമൂഹിക ആരോഗ്യ കേന്ദ്രം, അയർകുന്നം കോട്ടയം - കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വിഭാഗത്തിൽ ജൂനിയർ റസിഡന്റ് തസ്തികയിൽ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2238/2022/H&FWD തീയതി,തിരുവനന്തപുരം, 16-09-2022

---

പരാമർശം:-

1. 22.01.2013-ലെ സ.ഉ.(അ) നം.45/2013/ധന
2. 01.11.2019-ലെ സ.ഉ.(സാധാ) 2608/2019/ആകുവ
3. 30.11.2020-ലെ സ.ഉ.(സാധാ) 2258/2020/ആകുവ
4. 07.12.2021-ലെ സ.ഉ.(സാധാ) 2740/2021/ആകുവ
5. 03.08.2022-ലെ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഇ.എ.6-49722/2022/ആവഡ നമ്പർ നിരാക്ഷേപ പത്രം
6. 18.08.2022-ലെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ ഡയറക്ടറുടെ എൻ.സി.2/3046/2019/ഡി.എം.ഇ. നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (6)-ലെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കോട്ടയം അയർകുന്നം സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ജൂനിയർ കൺസൽട്ടന്റ് ആയ ഡോ അജിത ആർ.എൻ.-യ്ക്ക് കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വിഭാഗത്തിൽ ജൂനിയർ റസിഡന്റ് തസ്തികയിൽ അനുവദിച്ചിട്ടുള്ള അന്യത്രസേവനം 12.11.2022 മുതൽ ഒരു വർഷത്തേയ്ക്കോ ടി തസ്തികയിൽ സ്ഥിരനിയമനം നടക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ നിലവിലുള്ള അന്യത്രസേവന വ്യവസ്ഥകളുടേയും കെ.എസ്.ആർ. ഭാഗം I ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. അനുവദിച്ചിട്ടുള്ള അന്യത്രസേവന കാലയളവ് പൂർത്തിയാകുന്ന മുറയ്ക്ക് ടിയാരിയെ വിടുതൽ ചെയ്ത് മാതൃവകുപ്പിലേയ്ക്ക് തിരിച്ചയക്കുന്നതിനുള്ള നടപടികൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ K

ഡെപ്യൂട്ടിസെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസവകുപ്പ ഡയറക്ടർ, തിരുവനന്തപുരം

ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം

സ.ഉ.(സാധാ) നം.2238/2022/H&FWD

മെഡിക്കൽ ഓഫീസർ, സാമൂഹിക ആരോഗ്യ കേന്ദ്രം, അയർകുന്നം, കോട്ടയം
ഡോ അജിത ആർ.എൻ. (പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Rajesh G.s**
**Date: 17-09-2022 09:49:20**

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇഎൻ1-61001/2022 ആവലം തീയതി. 27.09.2022

പകർപ്പ് അറിവിലേക്കും തുടർനടപടികൾക്കുമായി അയയ്ക്കുന്നു.

(signature)
ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

(initials) 27.9.22

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആഭ്യന്തര വകുപ്പ് - ജയിലുകൾ - വിയ്യൂർ അതീവ സുരക്ഷാ ജയിലിലെ മെഡിക്കൽ ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ.കെ.ആർ.ബിജുവിന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര (ബി)വകുപ്പ്

സ.ഉ.(സാധാ) നം.2387/2022/HOME തീയതി,തിരുവനന്തപുരം, 25-08-2022

---

പരാമർശം:- 1) സ.ഉ.(പി)നം. 580/2013/ധന, തീയതി, 28.11.2013.

2) സ.ഉ.(സാധാ) നം. 1265/2021/ആഭ്യന്തരം, തീയതി, 27.04.2021.

3) പ്രിസൺസ് & കറക്ഷണൽ സർവീസസ് വകുപ്പ് ഡയറക്ടർ ജനറലിന്റെ 16.02.2022, 25.05.2022 എന്നീ തിയിതികളിലെ E4-16015/2020/PrHQ നമ്പർ കത്തുകൾ.

4) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 10.05.2022 - ലെ ഇ.എ.6-25526/2022/ആ.വ.ഡ. നമ്പർ നിരാക്ഷേപ പത്രം

<u>ഉത്തരവ്</u>

തൃശ്ശൂർ വല്ലച്ചിറ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ ഡോ.കെ.ആർ.ബിജുവിന് പരാമർശം - (2) ലെ ഉത്തരവ് പ്രകാരം വിയ്യൂർ അതീവ സുരക്ഷാ ജയിലിലെ മെഡിക്കൽ ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമനം നൽകിയിരുന്നു. ടിയാന്റെ സേവനകാലാവധി 03.06.2022 ൽ അവസാനിക്കുന്നതായും അതീവ സുരക്ഷാ ജയിലിൽ മെഡിക്കൽ ഓഫീസറുടെ സേവനം അനിവാര്യമായതിനാൽ കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ചു നൽകണമെന്നും പ്രിസൺസ് & കറക്ഷണൽ സർവീസസ് വകുപ്പ് ഡയറക്ടർ ജനറൽ പരാമർശം - (3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. അന്യത്രസേവനം ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിക്കുന്നതിന് ആരോഗ്യ വകുപ്പിന് എതിർപ്പില്ലായെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിയ്യൂർ അതീവ സുരക്ഷാ ജയിലിലെ മെഡിക്കൽ ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്ന ഡോ.കെ.ആർ.ബിജുവിന്റെ അന്യത്രസേവന കാലാവധി, കേരള സർവീസ് ചട്ടങ്ങളിലെ ഭാഗം - 1, ചട്ടം 140 (സി) യിലെ വ്യവസ്ഥകൾക്കും വിധേയമായും പരാമർശം - (1) ലെ ഉത്തരവിലെ നിബന്ധനകളിൽ ഇളവ് വരുത്തിക്കൊണ്ടും 04.06.2022 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ എസ് രുസി
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവീസസ്,
തിരുവനന്തപുരം
ഡോ.ബിജു.കെ.ആർ (വിയ്യൂർ അതീവസുരക്ഷാ ജയിൽ സൂപ്രണ്ട് മുഖേന)
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരളം,
തിരുവനന്തപുരം
സൂപ്രണ്ട് , അതീവ സുരക്ഷാ ജയിൽ , വിയ്യൂർ, തൃശ്ശൂർ
ആരോഗ്യവും കുടുംബ ക്ഷേമവും വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Jijimon.r
Date: 26-08-2022 11:26:01
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

മേലക്കത്ത് നം. ഇ.എച്ച്-55898/2022 ആരോഗ്യ തീയതി. 27.09.2022

പകർപ്പ് അറിവിലേക്കും അനന്തര നടപടികൾക്കുമായി അയച്ചുകൊടുക്കുന്നു.

[signature] 27.9.22

[signature]
ആരോഗ്യ വകുപ്പ് ഡയറക്ടർക്കുവേണ്ടി